ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഈ വർഷത്തെ അധ്യാപക പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. ദേശീയ അധ്യാപക ദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും.

   **President Droupadi Murmu will confer National Teachers day Awards at New Delhi today. President and Prime Minister extended their wishes.**

2. പ്രധാനമന്ത്രി നരേന്ദ്രമോദി സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങുമായി കൂടിക്കാഴ്ച നടത്തി. വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും ധാരണാപത്രം കൈമാറി.

   **Prime Minister Narendra Modi held delegation level talks with his Singaporean counterpart, Lawrence Wong. MoUs exchanged between the two countries on cooperation in various field.**

3. പ്രതിരോധ മേഖലയിൽ സഹകരണത്തിനായുള്ള ഇന്ത്യ -സൗദി അറേബ്യ സംയുക്ത സമിതിയുടെ ആറാമത് യോഗം റിയാദിൽ ചേർന്നു.

   **6th meeting of the India-Saudi Arabia Joint Committee on Defence Cooperation convened in Riyadh.**

4. സപ്ലൈകോ ഓണം ഫെയറുകൾക്ക് ഇന്ന് തുടക്കമാകും. മേളയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

**Supplyco onam fair to begin today. Chief Minister Pinarayi Vijayan to inagurate the state level fair.**

5. **പാരിസ് പാരാലിമ്പിക്സിൽ മെഡൽ നില മെച്ചപ്പെടുത്താൻ ഇന്ത്യ. അമ്പെയ്ത്തിൽ രണ്ടാം മെഡൽ പ്രതീക്ഷയുമായി ഹർവീന്ദർ സിങ് ഇന്നിറങ്ങും.**

**Indias medal hunt in Paris Paralympics continues. Gold medallist Harvinder Singh will be in action in chasing his second medal in archery.**

**$$$$$$$$$$$$$$$$$$$$**

## HEADLINE-1

### PREZ – TEACHERS

ഇന്ന് ദേശീയ അധ്യാപക ദിനം. ഈ വർഷത്തെ അധ്യാപക പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. രാജ്യത്തെ വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ മികച്ച സേവനം കാഴ്ചവെച്ച അധ്യാപകരെയാണ് ആദരിക്കുന്നത്. ഇത്തവണ 82 അധ്യാപകരാണ് പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങുക. കേരളത്തിൽ നിന്ന് രണ്ട് പേർക്കാണ് പുരസ്കാരം. ആലപ്പുഴ S.D.B.V.H.S സ്കൂളിലെ ജിനു ജോർജ്ജ്, പാലക്കാട് കുണ്ടൂർക്കുന്ന് V.P.A.U.P.S- ലെ കെ ശിവപ്രസാദ് എന്നീ അദ്ധ്യാപകരാണ് പുരസ്കാരത്തിന് അർഹരായ മലയാളികൾ. ആകാശവാണി, വൈകിട്ട് 04.10 മുതൽ ചടങ്ങ് തത്സമയം പ്രക്ഷേപണം ചെയ്യും. മുൻ രാഷ്ട്രപതി ഡോ.എസ്.രാധാകൃഷ്ണൻറെ ജന്മവാർഷിക ദിനമായ സെപ്റ്റംബർ അഞ്ചാണ് എല്ലാ വർഷവും ദേശീയ അധ്യാപകദിനമായി ആചരിക്കുന്നത്. എല്ലാ അധ്യാപകർക്കും രാഷ്ട്രപതി ദ്രൗപദി മുർമു ആശംസകൾ നേർന്നു.

**$$$$$$$$$$$$$$$$$$$$**

### AMRIT UDYAN

ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിലെ പൂന്തോട്ടം അമൃത് ഉദ്യാൻ ഇന്ന്

അധ്യാപകർക്കായി തുറന്നുകൊടുക്കും. രാഷ്ട്രപതി ഭവനിലെ 35-ാം നമ്പർ ഗേറ്റിലൂടെയാണ് പ്രവേശനം. സെൻട്രൽ സെക്രട്ടറിയേറ്റ് മെട്രോ സ്റ്റേഷനിൽ നിന്ന് 35-ാം നമ്പർ ഗേറ്റിലേക്ക് സൗജന്യ ബസ് സർവീസുമുണ്ടാകും.

കഴിഞ്ഞ മാസം 16 മുതൽ ഈ മാസം 15 വരെ അമൃത് ഉദ്യാൻ സന്ദർശിക്കാൻ പൊതുജനങ്ങൾക്ക് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. തിങ്കളാഴ്ച ഒഴികെ
രാവിലെ 10 മുതൽ വൈകിട്ട് 6 മണി വരെ പ്രവേശനം സൗജന്യമാണ്.

$$$$$$$$$$$$$$$$$$$$$

**PM- TEACHERS DAY**

ദേശീയ അധ്യാപക ദിനത്തിൽ രാജ്യത്തെ അധ്യാപകർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. യുവമനസുകളെ പാകപ്പെടുത്തി എടുക്കുന്ന അധ്യാപകർക്ക് നന്ദി അറിയിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. മുൻ രാഷ്ട്രപതി ഡോ എസ് രാധാകൃഷ്ണന് പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രാദ്ധാഞ്ജലി അർപ്പിച്ചു.

$$$$$$$$$$$$$$$$$$$$$

**HEADLINE-2**

***DAY PM- TALKS SINGAPORE (INTRO)***

*പ്രധാനമന്ത്രി നരേന്ദ്രമോദി സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ ബന്ധത്തിലെ പുരോഗതി വിലയിരുത്തിയ നേതാക്കൾ മേഖലാതല, ആഗോള വിഷയങ്ങളും ചർച്ച ചെയ്തു. ആരോഗ്യം, മരുന്ന് നിർമ്മാണം, നൈപുണ്യവികസനം എന്നീ മേഖലകളിൽ ഇരു രാജ്യങ്ങളും ധാരണാപത്രം കൈമാറി. ഇന്ത്യയുടെ സുഹൃത് രാഷ്ട്രം എന്നതിലുപരി വളർന്നു വരുന്ന രാജ്യങ്ങൾക്ക് പ്രചോദനം കൂടിയാണ് സിംഗപൂരെന്ന് ശ്രീ മോദി അഭിപ്രായപ്പെട്ടു. ഇരു രാജ്യങ്ങളും തമ്മിലുള്ള മന്ത്രിതല സംഭാഷണങ്ങൾ നിർണായകമാണെന്നും ശ്രീ മോദി പറഞ്ഞു.*

*(ഹോൾഡ് വോയ്സ് - പി എം)*

***നിർമ്മാണം, ഡിജിറ്റലൈസേഷൻ, കണക്ടിവിറ്റി, സുസ്ഥിരത തുടങ്ങിയ വിഷയങ്ങളിലെ ഉഭയകക്ഷി സഹകരണം സംബന്ധിച്ചും ഇരു രാജ്യങ്ങളും ചർച്ച നടത്തിയതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു. ബ്രൂണൈ സന്ദർശനത്തിന് ശേഷം ഇന്നലെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി സിംഗപ്പൂരിലെത്തിയത്. സിംഗപ്പൂർ പ്രസിഡൻറുമായും സിംഗപ്പൂർ കമ്പനികളിലെ മേധാവികളുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തും.***

$$$$$$$$$$$$$$$$$$$$$

**PM- International Solar Festival**

ഹരിത ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിന് രാജ്യം നിരവധി ചുവടുവയ്പുകൾ നടത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന പ്രഥമ അന്താരഷ്ട്ര സോളാർ ഫെസ്റ്റിവലിനെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മെച്ചപ്പെട്ട ലോകം സൃഷ്ടിക്കാൻ ഈ ആഘോഷം സഹായിക്കുമെന്നും ലോകത്തെ മുഴുവൻ ഒരുകുടക്കീഴിൽ എത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. കുറഞ്ഞ സമയം കൊണ്ട് അന്താരാഷ്ട്ര സൗര സഖ്യത്തിലെ അംഗങ്ങളുടെ എണ്ണം നൂറായതായും പ്രധാനമന്ത്രി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$

**Security measures – medical**

രാജ്യത്തെ ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സുരക്ഷയ്ക്കായി സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് സമർപ്പിക്കാൻ, സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും കേന്ദ്രസർക്കാർ ആവശ്യപ്പെട്ടു . ഈ മാസം പത്തിന് മുമ്പ് റിപ്പോർട്ട് നൽകാനാണ് നിർദേശം .ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറിമാർക്കും പോലീസ് ഡയറക്ടർ ജനറൽമാർക്കും കേന്ദ്ര ആരോഗ്യ സെക്രട്ടറി അപൂർവ ചന്ദ്ര കത്തയച്ചു. തിരക്കുള്ള ആശുപത്രികളെ സുരക്ഷാ മുൻഗണനയുള്ള സ്ഥാപനങ്ങളായി പരിഗണിക്കാനും നിർദേശം നൽകിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**India-Saudi Arabia**

പ്രതിരോധ മേഖലയിൽ സഹകരണത്തിനായുള്ള ഇന്ത്യ -സൗദി അറേബ്യ സംയുക്ത സമിതിയുടെ ആറാമത് യോഗം റിയാദിൽ ഇന്നലെ ചേർന്നു. ഇന്ത്യയുടെ സായുധസേനാ ജോയിൻറ് സെക്രട്ടറി അമിതാഭ് പ്രസാദ് , സൗദി അറേബ്യ നയതന്ത്രകാര്യ പ്രതിരോധ ഉപമന്ത്രി മേജർ ജനറൽ സൽമാൻ ബിൻ അവാധ് അൽ -ഹർബി എന്നിവരുടെ അധ്യക്ഷതയിലായിരുന്നു യോഗം. സംയുക്ത സൈനിക അഭ്യാസം , നൈപുണ്യ കൈമാറ്റം , പരിശീലന പരിപാടികൾ, വ്യവസായ സഹകരണം തുടങ്ങി സൈനിക മേഖലയിലെ സഹകരണവുമായി ബന്ധപ്പെട്ട വിവിധവശങ്ങൾ ഇരു രാജ്യങ്ങളും ചർച്ച ചെയ്തു .

$$$$$$$$$$$$$$$$$$$$$

**HEADLINE-5**

**PARALYMPICS**

പാരിസ് പാരാലിമ്പിക്സിൽ എട്ടാം ദിനമായ ഇന്ന് ഷൂട്ടിങ്, ജൂഡോ, അമ്പെയ്ത്ത്, അത്ലറ്റിക്സ്, പവർലിഫ്റ്റിങ് എന്നീ ഇനങ്ങളിൽ ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരിക്കും. അമ്പെയ്ത്ത് മിക്സഡ് ടീം റീകർവ് ഇനത്തിൽ രണ്ടാം മെഡൽ പ്രതീക്ഷയുമായി ഇന്ത്യയുടെ സ്വർണ മെഡൽ ജേതാവ് ഹർവീന്ദർ സിങ് ഇന്ന് മാറ്റുരയ്ക്കും. ഷൂട്ടിങ്ങിൽ 50 മീറ്റർ റൈഫിൾസിൽ സിദ്ധാർത്ഥ് ബാബു, മോന അഗർവാൾ എന്നിവർ ഇന്ന് മത്സരിക്കും. കാഴ്ചപരിമതർക്കുള്ള ജൂഡോയിൽ പുരുഷന്മാരുടെ 60 കിലോഗ്രാം വിഭാഗത്തിൽ കപിൽ പർമാരും വനിതകളുടെ 48 കിലോഗ്രാം വിഭാഗത്തിൽ കോകിലയും ഇന്ന് മത്സരരംഗത്തുണ്ട്. അമ്പെയ്ത്തിൽ മിക്സഡ് ടീം റീകർവിൽ ഹർവീന്ദർ സിങ്ങും പൂജയും മത്സരിക്കും. പവർലിഫ്റ്റിങ്ങിൽ പുരുഷന്മാരുടെ 65 കിലോ വിഭാഗത്തിൽ അശോകും അത്‌ലറ്റിക്സിൽ വനിതകളുട 100 മീറ്ററിൽ സിമ്രാനും മത്സരിക്കും. പുരുഷ ഷോട്ട് പുട്ട് F35 വിഭാഗം ഫൈനലിൽ അരവിന്ദും ഇന്ത്യക്കായി മാറ്റുരയ്ക്കും. പാരാലിമ്പിക്സിൽ ഇതുവരെ

5 സ്വർണവും 9 വെള്ളിയും 10 വെങ്കലവും ഉൾപ്പെടെ 24 മെഡലുകളാണ് ഇന്ത്യയുടെ നേട്ടം.

$$$$$$$$$$$$$$$$$$$$$

**HEADLINE-4**

**ONAM FAIR**

ഓണത്തിനോടനുബന്ധിച്ച് സപ്ലൈകോ സംഘടിപ്പിക്കുന്ന ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. മന്ത്രി ജി.ആർ അനിലിൻറെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി. ശിവൻകുട്ടി ആദ്യവിൽപ്പന നടത്തും. ഇന്ന് മുതൽ 14-ാം തീയതി വരെയാണ് ഓണം ഫെയർ. ജില്ലാതല ഫെയറുകൾ നാളെ മുതൽ 14 വരെ ജില്ലാ ആസ്ഥാനങ്ങളിൽ നടക്കും. 13 ഇനം അവശ്യ സാധനങ്ങളുടെ ലഭ്യത സപ്ലൈകോയുടെ എല്ലാ ഓണം ഫെയറുകളിലും മറ്റ് ഔട്ട്ലെറ്റുകളിലും ഉറപ്പാക്കുമെന്ന് സർക്കാർ അറിയിച്ചു. കൺസ്യൂമർ ഫെഡ് ഓണം വിപണികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നാളെ നിർവഹിക്കും. മഞ്ഞ കാർഡ് ഉടമകൾക്കുള്ള ഓണക്കിറ്റ് വിതരണം ഈ മാസം 9 -ന് ആരംഭിക്കും. കുടുംബശ്രീ ഓണച്ചന്തകൾക്ക് ചൊവ്വാഴ്ച തുടക്കമാകും. മേളയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് ചൊവ്വാഴ്ച പത്തനംതിട്ടയിൽ നിർവഹിക്കും.

$$$$$$$$$$$$$$$$$$$$$

**HEMA COMMITTE - HC**

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്നതിന് പ്രത്യേക ബെഞ്ച് രൂപീകരിക്കാൻ ഹൈക്കോടതി തീരുമാനിച്ചു. വനിതാ ജഡ്ജിമാർ അടങ്ങുന്ന ബെഞ്ചാണ് രൂപീകരിക്കുക. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്ത് വിടുന്നതിന് എതിരെ സമർപ്പിച്ച ഹർജി തള്ളിയ സിംഗിൾ ബെഞ്ച് ഉത്തരവ് ചോദ്യം ചെയ്ത് നിർമ്മാതാവ് സജി പാറയിൽ സമർപ്പിച്ച അപ്പീൽ പരിഗണിക്കുമ്പോൾ ആണ് ആക്ടിംഗ് ചീഫ് ജസ്റ്റിസ് എ മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് എസ് മനു എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ഇക്കാര്യം അറിയിച്ചത്.

$$$$$$$$$$$$$$$$$$$$$

**MALHOTRA-BUSINESS ESG MEET**

സുസ്ഥിര വികസനത്തിനായി ഉത്തരവാദിത്ത വ്യവസായ രീതികൾ പ്രോത്സാഹിപ്പിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര സഹമന്ത്രി ഹർഷ് മൽഹോത്ര. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വികസിത് ഭാരത് എന്ന കാഴ്ചപ്പാട് സാധ്യമാക്കാൻ പരിസ്ഥിതി, സാമൂഹ്യ, ഭരണ കാര്യങ്ങളിലെ നടപടികൾ അത്യാവശ്യമാണെന്നും മന്ത്രി പറഞ്ഞു. ഉത്തരവാദിത്ത വ്യവസായ രീതി സംബന്ധിച്ച് ന്യൂഡൽഹിയിൽ ഇന്നലെ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

$$$$$$$$$$$$$$$$$$$$$

**GIRIRAJ - TEXTILE INDUSTRY**

2030-ഓടെ ഇന്ത്യയുടെ ടെക്സ്റ്റൈൽസ് വ്യവസായം 35,000 കോടി യു.എസ് ഡോളർ വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ്. ഇത് രാജ്യത്ത് 3.5 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഭാരത് ടെക്സ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. അടുത്ത വർഷം ഫെബ്രുവരിയിൽ ഗ്ലോബൽ ടെക്സ്റ്റൈൽസ് എക്സ്പോ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

**EPS - BANK**

എംപ്ലോയീസ് പെൻഷൻ പദ്ധതിയിലുള്ളവർക്ക് രാജ്യത്തെ ഏത് ബാങ്കിലും പെൻഷൻ ലഭ്യമാക്കുന്ന കേന്ദ്രീകൃത പെൻഷൻ പേയ്മെന്റ് സംവിധാനത്തിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. 2025 ജനുവരി ഒന്ന് മുതൽ പുതിയ സംവിധാനം നിലവിൽ വരും. രാജ്യത്തുടനീളമുള്ള ഏത് ബാങ്കിൽ നിന്നും പെൻഷൻ സ്വീകരിക്കാൻ

കഴിയുന്ന സംവിധാനത്തിനാണ് തുടക്കമാകുന്നത്. 78 ലക്ഷത്തിലധികം പേർക്ക് ഇത് പ്രയോജനപ്പെടും.

$$$$$$$$$$$$$$$$$$$$$

## Aadhaar-like digital farmer

11 കോടി കർഷകകർക്ക് ആധാർ കാർഡിന് സമാനമായി ഡിജിറ്റൽ തിരിച്ചറിയൽ രേഖ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ. മൂന്ന് സാമ്പത്തിക വർഷങ്ങളിലായാണ് തിരിച്ചറിയൽ രേഖ സൃഷ്ടിക്കുക.ഭൂമിയുടെ രേഖകൾ, കന്നുകാലികളുടെ ഉടമസ്ഥാവകാശം, വിതച്ച വിളകൾ, ലഭിച്ച ആനുകൂല്യങ്ങൾ എന്നിവയുൾപ്പെടെ കർഷകരുമായി ബന്ധപ്പെട്ട വിവരങ്ങൾ കർഷക തിരിച്ചറിയൽ കാർഡുമായി ബന്ധിപ്പിക്കുന്നതാണ് പദ്ധതി.

$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$